പ്രമേയം-06

# വംശഹത്യകൾക്ക് മാപ്പില്ല

ദില്ലി, ഗുജറാത്ത്, ഒറീസ്സ എന്നിങ്ങനെ സ്വതന്ത്ര ഇന്ത്യയിലെ വംശഹത്യകളെല്ലാം മറവിയുടെ മൂടലിനായി വിട്ടുകൊടുത്തുകൊണ്ട്, ഭരണഘടനാനുസൃതമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള വിവിധ സ്ഥാപനങ്ങളും പൊതു സമൂഹം തന്നെയും മൗനം പാലിക്കുകയാണെന്ന തോന്നലാണ് ഇരകൾക്കും ഇരകളോട് ഐക്യ ദാർഢ്യപ്പെടുന്ന വിമോചന ശക്തികൾക്കുമുള്ളത്. ഇതിനൊരു മാറ്റമുണ്ടാവണം. വംശഹത്യാ വിനോദങ്ങളിൽ ആഹ്ലാദം പൂണ്ടവർ ശരിയായ വിധത്തിൽ കാലതാമസമില്ലാതെ ശിക്ഷിക്കപ്പെടുക തന്നെ വേണം. അതിനായി, ഇന്ന് വിവിധ കോടതികളിൽ കേസുകെട്ടുകളായി പൊടി പിടിക്കുന്ന എല്ലാ വംശഹത്യാ കുറ്റങ്ങളും അതിവേഗ നിയമനടപടികളിലൂടെ തീർപ്പുകൽപിച്ച് ശിക്ഷ വിധിക്കുകയും നടപ്പിലാക്കുകയും വേണം. അതോടൊപ്പം, ഭാവിയിൽ ഇത്തരം ക്രൂരവിനോദങ്ങൾ നടക്കില്ല എന്നുറപ്പു വരുത്തുന്നതിനുള്ള നിയമ-ഭരണ നടപടികളെടുക്കുകയും ജനങ്ങൾക്കിടയിലുള്ള ഐക്യ-സഹജാവബോധങ്ങൾ ഊട്ടിയുറപ്പിക്കുകയും വേണമെന്ന് പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്യുന്നു.